July 2012

# YOUTH VOICE

Thri Mazika

A Publication of
ST.THOMAS ORTHODOX YOUTH MOVEMENT
ST.MARY'S INDIAN ORTHODOX CATHEDRAL
Kingdom of Bahrain.



Vaidyan

" You have been kind to me, and your grace has been with me, and your care has kept my spirit safe ."
(Job: 10:12)

(Private circulation among Cathedral members only)






Patron Saint
**St.Thomas the Apostle**

Patron
**H.H. Baselios Marthoma Pulose II**
(Catholicose of the East & Malankara Metropolitan)

President
**Rev. Fr. Jacob Koshy**

Editor
**Bony Mulappampallil**

Type Setting
**Santhosh Thanckachan**
**Robby Punnen**
**Bony Mulappampallil**

Photos
**Diju John**

Design & Layout
**Thomas Vaidyan P.K.**



# എഡിറ്റോറിയൽ

ബോണി മുളപ്പാംപള്ളിൽ
എഡിറ്റർ

ഇന്നത്തെ യുവതലമുറയുടെ മുന്തിയപങ്കും അസഹിഷ്ണതയുടേയും, മൂല്യച്ചുതിയുടേയും, ദിശാബോധമില്ലായ്മയുടെയും കരാളഹസ്തങ്ങളിലാണ്. ചുറ്റുമുള്ള സാമൂഹ്യപ്രശ്നങ്ങൾ, കുടുംബഭദ്രതയില്ലായ്മ, ആശയവിനിമയക്കുറവ്, കുറ്റകൃത്യവാസന, ലഹരിയുടെ അതിപ്രസരം, പീഡനാസക്തി ഇവ കണ്ടുകൊണ്ടുവളരുന്ന യുവതലമുറ, 'സ്വന്തം കാര്യം സിന്ദാബാദ്' എന്ന ജീവിത ശൈലിയിലേക്ക് നീങ്ങിയില്ലെങ്കിലാണു അതിശയം. ആഗ്രഹങ്ങളെ ആർത്തികളാക്കി, അറിവിനെ അജ്ഞതയുടെ മടിശ്ശീലയിലൊതുക്കി, ഓട്ടക്കളത്തിൽ കൂടെ ഓടുന്നവൻെറ പാദമിടറാൻ പണിപ്പെടുന്നവരുടെ കുതിപ്പും കിതപ്പും കണ്ട് മനം മടുത്തവർക്ക് പ്രത്യാശയുടെ പ്രതീക്ഷാ കിരണങ്ങളുടെ ഊഷ്മളത തിരിച്ചറിയാൻ കഴിയില്ല.

പ്രത്യാശയില്ലാത്ത ജീവിതം അന്ധകൂപസമാനമാണ്. ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ജീവികളെക്കുറിച്ചുമുള്ള പ്രത്യാശ. നീതി സൂര്യകിരണങ്ങളുടെ നറുംചൂടിൽ മുളയ്ക്കുന്ന മനോവികാരമാണ് പ്രത്യാശ. ഒരു യഥാർത്ഥ ക്രിസ്ത്യാനി പ്രത്യാശയുള്ളവനായിരിക്കണം. അകമേ മാത്രമല്ല പുറമേയും പ്രത്യാശയുള്ളവനായിരിക്കണം. പ്രത്യാശയുള്ള യുവാക്കൾ തലതാഴ്ത്തിയ കതിരുകളേപ്പോലെയാവണം.

"നിനക്കുതന്നേ നീ ജ്ഞാനിയായി തോന്നരുത്" (സദ്യ:3:7) ദീർഘനാളുകൾക്കുശേഷം രണ്ട് സുഹൃത്തുക്കൾ കണ്ടുമുട്ടി ഒരാൾ കൃഷിക്കാരനും മറ്റെയാൾ അഭിഭാഷകനും. അഭിഭാഷകൻ കൃഷിക്കാരനോട് പറഞ്ഞു നീയെന്തിനാണു എപ്പോഴും തലകുനിച്ചു നിൽക്കുന്നത്? എന്നെനോക്കുക, ഞാൻ ആരുടെയും മുമ്പിൽ തലകുനിക്കാറില്ല, കൃഷിക്കാരൻ തൻെറ വിശാലമായ വയലിലേക്ക് വിരൽചൂണ്ടിക്കൊണ്ട് മറുപടി നൽകി. ഈ വയലിൽ നിവർന്നു നിൽക്കുന്ന നെൽക്കതിരുകളെല്ലാം തലകുനിച്ചു നിൽക്കുന്നതു കാണുന്നില്ലേ? തങ്ങൾക്കുതന്നെ ജ്ഞാനികളായും തങ്ങൾക്കുതന്നെ വിവേകികളായും തോന്നുന്നവർക്ക് അയ്യോ കഷ്ടം (യെശ: 5:21) സ്വയം ജ്ഞാനികളായ, വിവേകികളെന്ന് വീമ്പിളക്കുന്ന യുവതലമുറ ഇന്നിൻെറ ശാപമാണ്. ഫലം നിറഞ്ഞ കതിരുകളെപ്പോലെ ആത്മഫലം പുറപ്പെടുവിക്കുന്ന യുവാവിൻെറ തല കുനിഞ്ഞിരിക്കും, വിനയം മൂലം, നൈർമല്യം മൂലം, വിവേകം മൂലം. അങ്ങനെയുള്ളവർ പ്രത്യാശയോടെ, പ്രവൃത്തിപഥത്തിൽ മുന്നേറും. ഇതു പോലെ മുന്നേറുവാൻ നാം ഏവർക്കും കഴിയട്ടെ......



# ഇടയ സന്ദേശം

പ്രിയപ്പെട്ട യുവജനപ്രസ്ഥാനം സുഹൃത്തുക്കളെ!

2012 പ്രവർത്തന വർഷത്തിൻെറ ആദ്യപകുതി നാം പിന്നിട്ടുകഴിഞ്ഞു. അനുഗ്രഹപ്രദവും അർത്ഥപൂർണ്ണവുമായി ഇക്കഴിഞ്ഞകാലം വിനിയോഗിക്കുവാൻ പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളിൽ സാധിച്ചു എന്ന് വിചാരിക്കാം. അതിനിടയാക്കിയ ദൈവത്തെ മഹത്വപ്പെടുത്താം.
നമ്മുടെ പ്രസ്ഥാനാംഗങ്ങളുടെ സജീവപങ്കാളിത്തം വളരെ അനുമോദനാർഹമാണ്. നേതൃത്വം നൽകുന്ന പ്രവർത്തകസമിതി വളരെ ഉത്സാഹത്തോടെ അനന്യമായ നേതൃത്വ പാടവത്തിൻെറ പുതിയ മാനങ്ങൾ രചിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.
ആദ്യഫലശേഖരണം ഏറ്റവും വിജയമാക്കിയത് നമ്മുടെ പ്രവർത്തനങ്ങളുടെ മികവും ഓരോ അംഗത്തിൻെറയും ആത്മാർത്ഥതയുടെ പ്രകടമായ കാഴ്ചയുമാണ്. രക്തദാനശിബിരം മറ്റൊരു പുതിയ ചരിത്രരേഖകുറിച്ചു! കാതോലിക്കാ പുനസ്ഥാപന ശതാബ്ദി വർഷത്തിൽ മരണത്തോട് മല്ലടിക്കുന്നവരുടെ രോദനം മാറ്റാനും, ജീവൻെറ തുടിപ്പുകൾക്ക് ശക്തിപകരുവാൻ 100-ൽ പരം പേർ അതിൽ പങ്കുചേർന്നു. സഭ നിലനിൽക്കേണ്ടതു സ്നേഹം പകർന്നു കൊടുക്കാനാണ് എന്ന് കാണിച്ചു. ടി ശതാബ്ദി ആഘോഷങ്ങളോടു ചേർന്ന് പല സുപ്രധാന പരിപാടികളിലും യുവജന പ്രസ്ത്ഥാനാംഗങ്ങളുടെ സജീവ സാന്നിദ്ധ്യവും നേതൃത്വവും ഇനിയും ആവശ്യമാണ്.
ജീവിത യാത്രയിലെ ദൈവികപരിപാലനത്തിൻെറ മധുരാനുഭവങ്ങളിൽ നിന്ന് ശക്തിസംഭരിച്ചുകൊണ്ട് പ്രതിസന്ധികളിൽ തളർന്നു വീഴാതെ മുന്നോട്ടുഗമിക്കുവാൻ സാധിക്കുന്നതാണു ക്രിസ്തീയജീവിതത്തിൻെറ മഹത്വം. പലവിധ കരണങ്ങളാൽ വേദനിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കും സഹപ്രവർത്തകർക്കും ആത്മബലവും മന:ധൈര്യവും സർവ്വശക്തൻ പകർന്നുകൊടുക്കട്ടെ. എല്ലാവരും വീണ്ടും സന്തോഷിച്ചു ദൈവത്തെ പുകഴ്ത്തുവാൻ ഇടയാകട്ടെ!
സ്നേഹാശംസകൾ!

**ജേക്കബ് കോശി അച്ചൻ**



# സന്ദേശം

മാർത്തോമ്മ ശ്ലീഹയാൽ സഭ ഇന്ത്യയിൽ സ്ഥാപിക്കപ്പെട്ടു എന്നും ഓർത്തഡോക്സ് യുവജനപ്രസ്ഥാനം സഭയുടെ തന്നെ നെടുംതൂണായി വളർന്നുകൊണ്ടിരിക്കുന്നു എന്ന് നാം മനസ്സിലാക്കുന്നു.

സഭയുടെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ യുവജനപ്രസ്ഥാനം അംഗങ്ങളായി പ്രവർത്തിക്കുവാൻ നമുക്ക് ലഭിച്ച മഹാഭാഗ്യത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ആരാധന, പഠനം, സേവനം എന്നിവ പ്രസ്ഥാനത്തിൻെറ മൂന്ന് പ്രധാനമേഘലകളാണ്. ആരാധനയിലൂടെയും സേവനത്തിലൂടെയും ദൈവത്തിന് സ്തുതി കരേറ്റുന്നതോടൊപ്പം അറിവിൻെറ അക്ഷയഖനിയിൽ നിന്ന് വീണുകിട്ടുന്ന ജ്ഞാനത്തെ തങ്ങൾക്ക് അനുയോജ്യമായ പഠന ക്രമത്തിലൂടെ സ്വായത്വമാക്കുവൻ യുവജനങ്ങൾ കാണിക്കുന്ന താൽപര്യം ശ്ലാഘനീയമാണ്.

ക്രിസ്തു സഭയുടെ അടിസ്ഥാനം തന്നെ 12 അപ്പോസ്തോലന്മാരാണ്.
പുതിയ യെറുശലേമിൻെറ 12 അടിസ്ഥാനങ്ങളിൽ 12 അപ്പോസ്തോലൻമാരുടെ പേരുകൾ എഴുതിയിരിക്കുന്നു എന്ന് വെളിപാട് 21:14 ൽ നാം വായിക്കുന്നു.
ശ്ലീഹാനോമ്പ് ഭംഗിയായും ഭക്തിപുരസരവും കൊണ്ടാടിയ നാം അവരുടെ ജീവിത ദർശനങ്ങളെ ഉൾകൊണ്ട് സമൂഹത്തിനും സഭയ്ക്കും കൊള്ളാവുന്നവരായി ജീവിക്കാൻ ദൈവത്തിൻെറ പരിശുദ്ധത്മാവ് നമ്മെ ഇടയാക്കട്ടെ.

സകല ശുദ്ധിമാൻ മാരുടെയും ശുദ്ധിമതിമാരുടെയും ഓർമ്മ നമുക്ക് കോട്ടയായി തീരട്ടെ

സ്നേഹ പൂർവ്വം വൈസ് പ്രസിഡൻറ്

**റോബി പുന്നൻ**



# സെക്രട്ടറിയിൽ നിന്ന്

പ്രിയ സഹോദരീ സഹോദരങ്ങളെ,

നമ്മുടെ പ്രസ്ഥാനത്തിൻെറ കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ വളരെ അടുക്കോടും ചിട്ടയോറ്റും കൂടി ആയിരുന്നു എന്നുള്ളത് വളരെ സന്തോഷത്തോടെ സ്മരിക്കുന്നതോടൊപ്പം സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. "രക്തദാനം മഹാദാനം".. ഈ വർഷത്തെ രക്തദാന ക്യാമ്പ് എന്തു കൊണ്ടും ചരിത്ര പ്രാധാന്യം അർഹിക്കുന്നതാണു. മലങ്കര സഭയുടെ കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ചും, ലോക രക്തദാന ദിനത്തോടനുബന്ധിച്ചും നടത്തപ്പെട്ട രക്തദാന ക്യാമ്പിൽ ഇടവകയുടെ മുഴുവൻ സഹകരണവും ഉണ്ടായി. കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് 100 പേർ രക്തം ദാനം ചെയ്യണം എന്നുള്ള ലക്ഷ്യം സഫലീകരിക്കുവാൻ ദൈവം ഇടയാക്കി. 101 പേർ അന്നേ ദിവസം രക്തം ദാനം ചെയ്തതായി സസന്തോഷം അറിയിക്കട്ടെ. രക്തദാന ക്യാമ്പിനു മുന്നോടിയായി പള്ളിയിൽ വെച്ച് ഇടവകജനങ്ങൾക്ക് വളരെ പ്രയോജനകരമായ ഒരു ക്ലാസ്സ് ഡോ.ബാബു രാമചന്ദ്രൻ നയിയ്ക്കുകയുണ്ടായി. അതോടൊപ്പം ഒരു ഉപന്യാസ മത്സരവും, ഒരു കൊളാഷ് ഡിസൈൻ മത്സരവും സംഘടിപ്പിക്കുവാൻ സാധിച്ചു. ആയതിൻെറ കോർഡിനേറ്ററായി പ്രവർത്തിച്ച ശ്രീ. മോൻസി ഗീവർഗ്ഗീസിനെ ഈ അവസരത്തിൽ അനുമോദിക്കുന്നു. പ്രസ്ഥാനത്തിൻെറ "യൂത്ത് ഫെസ്റ്റ്" ഏപ്രിൽ മാസത്തിൽ ഗ്രൂപ്പ് സോംഗ് മത്സരവും, മെയ് മാസത്തിൽ ക്വിസ്സ് മത്സരവും, ജൂൺ മാസത്തിൽ പ്രസംഗ മത്സരവും നടത്തുവാൻ സാധിച്ചു. വിജയികളായ ടീം അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. യൂത്ത് ഫെസ്റ്റ് കോർഡിനേറ്ററായി ശ്രീ. അനോ ജേക്കബ് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരുന്നു. നമ്മുടെ ഇടവകയിലെ കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മറ്റ് ആത്മീയ പ്രസ്ഥാനങ്ങൾ നടത്തിയ വിവിധ മത്സരങ്ങളിൽ പ്രസ്ഥാനത്തിൻെറ പങ്ക് പ്രശംസനീയമായിരുന്നു. സെപ്തംബർ മാസത്തിൽ പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ക്വിസ്സ് മത്സരം നടത്തുവാൻ താൽപര്യപ്പെടുന്നു. നമ്മുടെ ഇടവകയിലെ ഈ വർഷത്തെ ആദ്യഫല പെരുന്നാളിൽ ബെഡ്ഷീറ്റ് കളക്ഷനിൽ കൂടി വലിയ ഒരു തുക സംഭരിക്കുവാൻ പ്രസ്ഥാനത്തിനു കഴിഞ്ഞു എന്ന് ചാരിതാർത്ഥ്യത്തോടു കൂടി പറയട്ടെ. കൊയ്നോണിയയുടെ പ്രവർത്തനങ്ങളിൽ ഇതുവരെ 4 പിഞ്ചു കുഞ്ഞുങ്ങൾക്കു ഹൃദയ ശസ്ത്രക്രിയക്കുള്ള തുക നൽകുവാൻ കഴിഞ്ഞു. ആയതിനു ഏവരുടെയും പ്രാർഥനാപൂർണമായ സഹകരണം അഭ്യർഥിക്കുന്നു. ഇത്രത്തോളം പ്രസ്ഥാനത്തെ മുന്നോട്ടു നയിച്ച സർവ്വശക്തനായ ദൈവത്തിനു നന്ദി അർപ്പിച്ചുകൊണ്ട്,

സന്തോഷ് തങ്കച്ചൻ
സെക്രട്ടറി



# മാതാപിതാക്കളോടുള്ള കടപ്പാട് മക്കൾ വിസ്മരിച്ചാലുള്ള ശിക്ഷ

തോമസ്സ് വൈദ്യൻ പി.കെ

"അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കുന്നതിൽ നിന്ദ കാണിക്കുകയും ചെയുന്ന കണ്ണിനെ തഴ്വരയിലെ കാക്കകൾ കൊത്തിപ്പറിക്കുകയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും." (സദൃ: 30:17)

മതാപിതാക്കളും മക്കളും തമ്മിലുള്ള പവിത്രവും പരിപാവനവുമായബന്ധം ശിഥിലമായിക്കൊണ്ടിരിക്കുന്ന ദയനീയ അവസ്ഥ ഇന്നു സർവ്വസാധാരണമാണ്. സ്വന്തം മാതാപിതാക്കളോടുള്ള കടപ്പാടുകളും ഉത്തരവാദിത്വങ്ങളും വിസ്മരിച്ചു കളയുന്ന ആർക്കും താൻ ഒരു ദൈവപൈതലാണെന്ന് അവകശപ്പെടുവാൻ കഴിയുകയില്ല. എന്തെന്നാൽ തന്റെ ജനം അനുസരിക്കുവാനും അനുഷ്ഠിക്കുവാനും ദൈവം നൽകിയ പത്ത് കൽപനകളിൽ അഞ്ചാമത്തെത്, ഓരൊരുത്തരും തനിക്ക് ദീർഘായുസ്സുണ്ടാകുവാൻ തന്റെ അപ്പനേയും അമ്മയെയും ബഹുമാനിക്കണം എന്നുള്ളാതായിരുന്നു. ദൈവത്തിന്റെ ഈ കല്പന അടിസ്ഥാന്മാക്കിക്കൊണ്ടാണ് മക്കൾക്ക് മാതപിതാക്കളോടുള്ള ഉത്തരവദിത്വങ്ങളെക്കുറിച്ച് സദൃശവാക്യങ്ങൾ വിശദികരിക്കുന്നത് . ബഹ്യമായ അംഗവിക്ഷേപങ്ങളോ വാക്കുകളോ കൊണ്ടുള്ള ബഹുമാനത്തേക്കാളുപരി മാതാപിതാക്കളുടെ സംരക്ഷണം സമ്പൂർണ്ണമായി ഏറ്റെടുക്കുമ്പോഴണ് ആവരോടുള്ള ബഹുമാനം പൂർത്തീകരിക്കപ്പെടുന്നത്.

കാരണം സ്വന്തം മാതാപിതാക്കളെ ബഹുമാനിക്കുന്നവരാരും അവർ കഷ്ടതയിൽ നട്ടം തിരിയുന്നത് കാണാൻ ആഗ്രഹിക്കുന്നവരല്ല. അനുദിനം അറിവിന്റെ അഗാധങ്ങളിലേക്കു പോയ്ക്കൊണ്ടിരിക്കുന്ന യുവതലമുറ പലപ്പോഴും തങ്ങളെപ്പോലെ പരിജ്ഞാനമോ വിദ്യാഭ്യാസമോ സാമ്പത്തീക നേട്ടങ്ങളോ ഇല്ലാത്ത മാതാപിതാക്കളെ പുച്ഛത്തോടും പരിഹാസത്തോടുമാണ് വീക്ഷിക്കുന്നത്. എന്നാൽ "അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കുന്നതിൽ നിന്ദ കാണിക്കുകയും ചെയുന്ന കണ്ണിനെ തഴ്വരയിലെ കാക്കകൾ കൊത്തിപ്പറിക്കുകയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും." (സദൃ: 30:17) എന്ന മുന്നറിയിപ്പ് ഇന്നത്തെ തലമുറയുടെ കണ്ണ് തുറപ്പിക്കേണ്ടിയിരിക്കുന്നു. മാതാപിതക്കളെ കവർച്ച ചെയ്തിട്ട് അത് അക്രമമല്ലാ എന്നു പറയുന്നവനെ 'നാശത്തിന്റെ സഖി'യായിട്ടാണ് സദൃശവാക്യങ്ങളിൽ വിശേഷിപ്പിച്ചിരിക്കുന്നത്. മാതാപിതാക്കളേ അനുസരിക്കുവാനും അവർ വാർദ്ധക്യത്തിലെത്തുമ്പോൾ അവരെ നിന്ദിക്കാതിരിക്കുവാനും ഉദ്ബോധിപ്പിക്കുന്നതോടൊപ്പം മാതാപിതാക്കളെ ശപിക്കുന്നവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകുമെന്നും അഥവാ അവൻ പരിപൂർണ്ണ അന്ധകാരത്തിലകുമെന്നും (സദൃ: 20:20) അപ്പനോട് അതിക്രമം കാണിക്കുകയും അമ്മയെ ഓടിച്ചുകളയുകയും ചെയ്യുന്ന മക്കൾ അപമാനവും ലജ്ജയും വരുത്തുമെന്നും സദൃശവാക്യങ്ങൾ പ്രബോധിപ്പിക്കുന്നു. മൂഢനായ മകൻ അപ്പന് വ്യസനവും തന്റെ മാതാവിനു കയ്പുമാകുന്നു എന്നു പറയുന്ന ശലോമോൻ, ജ്ഞാനമുള്ള മക്കൾ അപ്പനെ സന്തോഷിപ്പിക്കുമെന്നും അറിയിക്കുന്നു.മാതാപിതാക്കളോടുള്ള കടപ്പാടുകൾ വിസ്മരിക്കുന്നവർ, ഭാവിയിൽ തങ്ങളും മാതാപിതാക്കൾ ആകുമെന്നുള്ളത് വിസ്മരിക്കരുത്.



# ആത്മീയ തുറക്കപ്പെടൽ

റവ.ഫാ.എബ്രഹാം തോമസ്

പൊട്ടി മുളച്ചു വരുന്ന ഒരു വിത്തിനെ സങ്കൽപ്പിക്കുക. ആ വിത്തു അതിനെ ആവരണം ചെയിതിരിക്കുന്ന തൊലി ഉരിഞ്ഞു കളഞ്ഞൂ പുറത്തു വരുമ്പോൾ മാത്രമാണു അതിനു ഒരു ചെടിയായി രൂപാന്തരം പ്രാപിക്കാൻ സാധിക്കുന്നത് നാമും അപ്രകാരം തന്നെയാണു ചെയ്യേണ്ടത് ജീവിതം നമ്മോട് ആവിശ്യപ്പെടുന്നതും അതു തന്നെയാണു. പഴയ മനുഷ്യനെ അവൻെറ പ്രവർത്തികളോടു കൂടി ഉരിഞ്ഞു കളഞ്ഞു നാം ഒരോരുത്തരും തന്നെ സൃഷ്ടിച്ചവൻെറ പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിക്കണം അല്ലാത്തപക്ഷം നമ്മുടെ ജീവിതത്തിൽ ഞെരുക്കവും ഭാരവും അനുഭവപ്പെടുകയും പ്രവർത്തനക്ഷമത ഇല്ലാത്തവരായിത്തിരുകയും ചെയ്യുന്നു. ആയതിനാൽ നമ്മുടെ ആത്മീയ വളർച്ചയെ തടസപ്പെടുത്താൻ കാരണ ഭുതരാവുന്ന കാരണങ്ങൾ വ്യക്തികളോ, സാഹചര്യങ്ങളോ, അതിജിവിക്കാൻ നമുക്കു സാധിക്കണം.
ഇതിനായി താഴെ പറയുന്ന ഏഴു കാര്യങ്ങൽ പ്രധാനമായി നാം തുറക്കേണ്ടതായുണ്ട്.

**1.ദാനധർമ്മത്തിനായ് കൈകളെ തുറക്കുക**

ദാനധർമ്മത്തിൻെറ പ്രസക്തിയെക്കുറിച്ച്.Mr. Marget Mead യിൻെറ വാക്കുകളെ ശ്രദ്ധിക്കുക "ഒരു ചെറിയ കൂട്ടമാണെന്നതിനാൽ സേവന സന്നദ്ധതയുള്ള ഒരു സമൂഹത്തിൻെറ കഴിവുകളെ അവഗണിക്കരുത്, അവരെ പോലെയുള്ളവർക്കേ അവർക്കു മാത്രമേ ഒരു പക്ഷേ ഈ ലോകം മാറ്റിമറിക്കാൻ സാധിക്കൂ." ആവർത്തനപുസ്തകത്തിൽ 15:7,8 ഉം വാക്യങ്ങളിൽ കർത്താവിപ്രകാരം പറയുന്നു. നിൻെറ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു ഏതു പട്ടണത്തിലെങ്കിലും ദരിദ്രനായ സഹോദരൻെറ നേരേ നിൻെറ ഹൃദയം കഠിനമാക്കാതെയും കൈ അടയ്ക്കാതെയും നിൻെറ കൈ അവനുവേണ്ടി തുറന്നു അവനവനു ബുദ്ധിമുട്ടിനു ആവശ്യമായതു വായിപ്പ കൊടുക്കേണം എല്ലാവർക്കും മഹാനാകാം എന്ന് Rev.Dr. Martin Luther King അഭിപ്രായപ്പെട്ടിരുന്നു. നമ്മുടെ കൈകളെ തുറക്കാൻ ഏറ്റവും എളുപ്പമായ വഴിയാണു ദശാംശം കൊടുക്കുക എന്നത്. നമ്മുടെ വരുമാനത്തിൻെറ ദശാംശം ദരിദ്രർക്കായി മാറ്റിവക്കുക. നല്ല ശമരിയാക്കാരൻെറ ഉപമ ഇതു തന്നെയാണു നമ്മെ ഉത്ബോധിപ്പിക്കുന്നത്. American President Mr. Ronald Raegan ആവശ്യപ്പെട്ടത് ഓരോ ദേവാലയവും ദരിദ്ര്യരേഖയ്ക്കു താഴെയുള്ള പത്തു കുടുംബങ്ങളെ ഏറ്റെടുക്കണം എന്നായിരുന്നു. അങ്ങനെ ഇല്ലാത്തവൻെറ പോരായ്മകളെ ഏറ്റെടുക്കണം എന്നതായിരുന്നു. അങ്ങനെ ഇല്ലാത്തവൻെറ പോരായ്മകളെ തരണം ചെയ്യാൻ ഒരു പരിധി വരെ സാധിക്കും.

**2.കാണുന്നതിനായി കണ്ണുകളെ തുറക്കുക**

ഉൽപത്തി മുതൽ വെളിപാടു വരെയുള്ള പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ ദൈവം ജനത്തോടു സ്വപ്നങ്ങളിലൂടെയും വെളിപാടുകളിലൂടെയും (ദർശനങ്ങളിലൂടെയും) സംസാരിക്കുന്നതായി കാണാം. ആദിയിൽ ആദവും ഹവ്വയും അവരുടെ ആത്മീയ നയനങ്ങൾ കൊണ്ട് സത്യത്തെ തിരിച്ചറിയും എന്നു സാത്താൻ ഭയന്നു അതിനാൽ അവൻ അവരുടെ ആത്മീയനയനങ്ങളെ തുറക്കാൻ പറ്റാത്തവണ്ണം അവരെ അതിൽ നിന്നും പിന്തിരിപ്പിച്ചു എന്നു ഉൽപത്തി പുസ്തകത്തിൽ പറയുന്നതായി കാണാം. ദൈവിക ദർശനങ്ങളുടെ ഉദാഹരണം

* ദൈവം അബ്രഹാമിനു പ്രത്യക്ഷനായി (ഉൽപത്തി 18:1)

* ദൈവം സ്വർഗ്ഗത്തേയും ഭൂമിയേയും ബന്ധിപ്പിച്ചു (ഉൽപത്തി 28:19)
* ദൈവം മുൾപടർപ്പിൽ പ്രത്യക്ഷനാകുന്നു (പുറപ്പാട് 3:2)
* ദൈവം വെളിപാടുകളിലൂടെ തെരഞ്ഞെടുത്തവരെ ഒരുക്കുന്നു (അപ്പോ.പ്രവർ. 17:19)
* ദൈവം നമ്മുടെ തെറ്റായ കാഴ്ചപ്പാടുകളെ തിരുത്തുന്നു. (അപ്പോ.പ്രവർ. 11:5)
* ദൈവം നമ്മുടെ ശുശ്രൂഷകളെ വഴിനടത്തിതരും (അപ്പോ.പ്രവർ. 16:9)

**3. കേൾക്കാനായി കാതുകളെ തുറക്കുക**

നമ്മുക്കോരോരോർത്തർക്കും ആത്മീയമായ ചെവികൾ ഉണ്ട്. പലപ്പോഴും യേശു ഇപ്രകാരം പറയുന്നതായി കാണാം "കേൾപ്പാൻ ചെവിയുള്ളവർ കേൾക്കട്ടെ" (മർക്കോസ് 4:23,24). നമുക്ക് ആന്തരീകവും ഭൗതീകവുമായ ചെവികൾ ഉണ്ട്. ഭൗതികമായ ചെവികൾ നമുക്ക് മറ്റുള്ളവർ പറയുന്നതു കേൾക്കാൻ സഹായിക്കുമ്പോൾ ആത്മീയമായ ചെവികൾ നമ്മെത്തന്നെ കേൾക്കാൻ നമ്മെ സഹായിക്കുന്നു. ബൈബിൾ ഇപ്രകാരം പറയുന്നു. ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിനു താമസമുള്ളവൻ ആയിരിക്കട്ടെ (യാക്കോബ് 1:19)

**4. സ്തുതിപ്പാനും പ്രാർത്ഥിപ്പാനും സാക്ഷിക്കാനുമായി നാവുകളെ തുറക്കുക**

സങ്കീർത്തനം 51:15 ൽ ഇപ്രകാരം പറയുന്നു "കർത്താവേ എന്റെ അധരങ്ങളെ തുറക്കണമേ എന്നാൽ എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കും". രക്ത പാതകത്തിൽ നിന്നും എന്നെ വിടുവിച്ചു കൊണ്ട് എന്റെ പാപങ്ങളെ കാണാത്തവണ്ണം എന്റെ മുഖങ്ങളെ മറച്ചു കൊണ്ട് എന്റെ വായ് നിന്റെ സ്തുതിയെ വർണ്ണിക്കാനായ് എന്റെ അധരങ്ങളെ തുറക്കണമേ.

**5. കിളിവാതിലുകളെ പ്രാർത്ഥനയ്ക്കായ് തുറക്കുക**

ദാനീയേൽ വീട്ടീൽ ചെന്നു അവന്റെ മാളിക മുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നിരുന്നു താൻ മുമ്പേ ചെയ്തു വന്നതു പോലെ ദിവസം മൂന്നു പ്രാവിശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു അപേക്ഷിക്കുന്നതു കണ്ടു (ദാനിയേൽ 6:10) യഹൂദർ എപ്പോഴും ജറുസലേം നേർക്കു നോക്കി പ്രാർത്ഥിക്കുന്നു. നമ്മൾ കിഴക്കു നോക്കി പ്രാർത്ഥിക്കുന്നു. മുസ്ലീം മതവിശ്വാസികൾ മക്ക നേർക്കു നോക്കി പ്രാർത്ഥിക്കുന്നു. ദാനിയേലിന്റെ ശക്തിയുടെയും വിശ്വസ്തതയുടെയും രഹസ്യം അദ്ദേഹത്തിന്റെ രഹസ്യപ്രാർത്ഥനയായിരുന്നതായി ബൈബിൾ സാക്ഷിക്കുന്നു.

**6. ദൈവത്തിന്റെ സന്ദേശത്തിനായി ഹൃദയങ്ങളെ തുറക്കുക**

അപ്പൊ. പ്രവൃത്തികൾ 16 ൽ ലുദിയാ എന്ന പാട്ടു വിൽപനക്കാരിയായവളുടെ ഹൃദയം കത്തി തുറന്നു എന്നു പറയുന്നതായി നാം കാണുന്നുണ്ട്. അവൾ ദൈവ ഭക്തയായ ഒരു സ്ത്രീ ആയിരുന്നു. ഹൃദയം തുറന്ന പ്രാർത്ഥന സന്തോഷത്തിലേക്കും ഉള്ള വഴിയണെന്ന് അവൾ മനസിലാക്കി ഈ സത്യം അവൾ മറ്റുള്ളവർക്കും പകർന്നു. നമ്മുക്കും ലുദിയായെ പോലെ നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ തുറക്കാം

**7. കർത്താവിന്റെ പ്രവർത്തിക്കായി വാതിലുകളെ തുറക്കുക**

പരി. പൗലോസ് ശ്ലീഹാ കർത്താവിന്റെ സുവിശേഷമറിയിക്കാൻ ത്രോമാസിലേയ്ക്കു പോകുമ്പോൾ കർത്താവിന്റെ പ്രവർത്തിക്കായ് ഒരു വാതിൽ തുറന്നു കിട്ടി എന്നു പറയുന്നതായി കാണാം. (കൊരിന്ത്യർ 2:12) കർത്തു ശുശ്രൂഷക്കായി നമ്മുടെ വാതിലുകളെ തുറക്കാം.

*(ശേഷം 10-ാം പേജിൽ)*

# ആദിമ സഭയുടെ മുഖമുദ്രകൾ



മഞ്ജു റോബി

കർത്താവിൻെറ പുനരുത്ഥാനതിനു ശേഷം പെന്തക്കോസ്തുനാളിൽ ശിഷ്യന്മാർ യരുശലേമിൽ മർക്കോസിൻെറ മാളികയിൽ കൂടിവരികയും അവരിൽ പരിശുദ്ധാത്മ അഭിഷേകം ഉണ്ടാകുകയും 3000ത്തോളം പേർ അവരോട് കൂടെ ചേർക്കപ്പെടുകയും അങ്ങനെ ആദിമസഭ രൂപിക്രിത്മായി.

**1.ഇതു കാതോലികം, ഏകം, വിശുദ്ധം അപ്പോസ്തോലികം**

**2.ആരാധന രീതി**

2 പ്രത്യേകതകൾ ഉണ്ടായിരുന്നു അവരുടെ ആരാധനക്ക്. കൂട്ടായ്മയും കർത്ത്യമേശയും അവർ ദൈവവചനം കേൾക്കുന്നതിനും പടിക്കുന്നതിനും സമയം വേർതിരിച്ചു അവർ പ്രർത്ഥനക്കായി ദിവസവും കൂടിവന്നു. കർത്താവിൻെറ മരണത്തെ അനുസ്മരിക്കുവാനായി അപ്പം നുറുക്കി കൊണ്ട് കർത്ത്യമേശ ആചരിച്ചു.

**3.പരിശുദ്ധാത്മമുദ്ര**

യരുശലേമിൽ ആരംഭിച്ച് അപ്പോസ്തോലന്മരുടെയും പിതാക്കന്മാരുടെയും സംരക്ഷണയിൽ വികസിക്കുകയും ചെയ്തു. പെന്തക്കോസ്തി നാളിൽ പരിശുദ്ധാത്മാവ് അവരിൽ ആ വസിച്ചു അവരെ മുദ്രയിട്ടു ഉടമസ്ഥത അധികാരം ഭദ്രത എന്നി മൂന്നു ആശയങ്ങൾ ഈ മുദ്രയിടലിൽ ഉൾക്കൊള്ളുന്നു.

**4.കൈവെപ്പും മൂപ്പന്മാരുടെ നിയമനവും**

അപ്പോസ്തോലന്മാർ 7 പേരെ തിരഞ്ഞെടുത്ത് അവരെ സുവിശേഷഘോഷണത്തിനു കൈവെപ്പ് കൊടുത്ത് നിയമിച്ചു. ദേശത്തിൻെറ നാനാഭാഗത്തും ഇവർ സുവിശേഷം പ്രചരിപ്പിച്ചു. ആദിമസഭയിൽ 2 അനുഷ്ടാനങ്ങൾ ഉണ്ടായിരുന്നു. സ്നാനവും തിരുവത്താഴവും ഇവയെല്ലാം ആദിമസഭയുടെ മുഖമുദ്രകൾ ആയിരുന്നു. അവർക്ക് പങ്കുവെക്കലിൻെറയും കരുതലിൻെറയും സ്വഭാവം ഉണ്ടായിരുന്നു. ഇന്നു നമ്മുടെ ഇടയിൽ കാണാൻ ഇല്ലാത്തതും ഇതു തന്നെ. അവരുടെ നല്ലപാതകളെ നമുക്കും പിൻതുടരാം

---

*(9-ാം പേജിൽ നിന്നും തുടർച്ച )*

**ഉപസംഹാരം**

ഇന്നത്തെ സമൂഹത്തിൽ ആത്മീയം എന്നു പറയുന്നതു വ്യവസായ വൽക്കരിക്കപ്പെട്ടിരിക്കുന്നു. സൃഷ്ടാവ് സൃഷ്ടിയെ സൃഷ്ടിച്ച ലക്ഷ്യത്തിൽ നിന്ന് വ്യതിചലിച്ചു പോകുന്നു ഒരു മടക്കയാത്ര അനിവാര്യമാണു. ആകയാൽ അടക്കപ്പെട്ട നമ്മുടെ കരങ്ങൾ മനോനയനങ്ങൾ ശ്രവണങ്ങൾ, അധരങ്ങൾ,കിളിവാതിലുകൾ, ഹൃദയങ്ങൾ, വാതിലുകൾ തുറക്കുവാൻ നമ്മുക്ക് യത്നിക്കാം കർത്താവ് കൽപ്പിക്കുന്നു സൗജന്യമായി നിങ്ങൾക്കു കിട്ടി സൗജന്യമായി നൽകുക. ഇതിലേ നമ്മെ പ്രതിയുള്ള സൃഷ്ടാവിൻെറ ഉദ്ദേശ്യം.

നാം തയ്യാറാകുന്നുവോ?.




Blood Donation Camp



Blood Donation Camp



Collage Design Competition



Collage Design Competition



Collage Design Competition



Essay Writing Competition



Blood Donation Awarness Class



Harvest festival Vadamvali Winners



Harvest festival Bedsheet collection committee



Dr. Saji Philip receiving the 1St Installment of the Koinonia 2012



Farewell to Mr. Jayan



Youthvoice April edition releasing



Gift presented to Rev. Fr. P.K. Varghese



Youthfest Group song Winners (Kidron Team)








Elocution Competition






Elocution Competition






Elocution Competition Winners (Elah Team)



Elocution Competition




Youth fest Quiz Competition Winners (Kidron Team)

Youthfest Group song Competition



## Congratulations



Jiby K. Varghese & Manju
(St. Stephens Orthodox Cathedral
Kudassanad )
Date – 23-04-2012

## In Loving Memory



**K. Geevarghese**
F/o. Anu K. Varghese



**K.M. Daniel**
Father in Law of Sam Philip

## New born babies



**Aeron Mathew Binoj,**
**Baeron Abraham Binoj**
S/o. Binoj Mathew & Annett Binoj





**Mirielle Sarah Manoj**
D/o. Manoj Mathew
& Merlin Manoj



**Nissy Susan Diju**
D/o. Diju Jiohn & Bindhu Diju



**Juan Joseph**
S/o. Pradeesh Joseph & Lijo



**Noveena Mariyam Eby**
D/o. Eby Cherian & Linu Eby



# അധിനിവേശം

ജയ്സൺ ആറ്റുവാ

ഒരുവൻ അറിഞ്ഞോ അറിയാതെയോ അവൻ മറ്റൊരുവൻെറ
അധീനതയിലാകുന്ന അവസ്ഥ....
അതായത് നിൻെറയോ, നീ ഉൾപ്പെടുന്ന സമൂഹത്തിൻേറയോ, നീ വസിക്കുന്ന
രാജ്യത്തിൻെറയോമേൽ മറ്റൊരുവൻ അധികാരം നേടുന്ന അവസ്ഥ
'അടിമത്വത്തിൻെറ മറ്റൊരുപുറം'
മനുഷ്യൻ ഏതുതലത്തിലുള്ളവനായിരുന്നാലും
അവൻെറ മേൽ ഇന്ന് മറ്റോരുശക്തിഅധിനിവേശം നടത്തിക്കൊണ്ടിരിക്കുന്നു...?
അവൻെറ സ്വതന്ത്ര മണ്ഡലത്തിനു മേലെ 'പാരതന്ത്ര്യം' എന്ന മറ്റൊരവസ്ഥ
ചോദ്യചിഹ്നമുയർത്തുന്നു...?
ഇന്നു നീ അടിമയാണു - അതെ - നിന്നിലേക്ക് നീയൊന്ന് നോക്കു...
നിൻെറ ചുറ്റുവട്ടത്തേക്കുനോക്കു... നിൻെറമേൽ എന്തോ ശക്തി
അധിനിവേശം നേടിയിരിക്കുന്നു... എന്താണത്..?
ഇന്നു നീ ആരുടെ അടിമയാണു..?
നിൻെറ മനസ് എന്തിൻെറ അധീനതയിലാണു..?
ഏതു ശക്തിയുടെ അധിനിവേശത്തിനടിമയാണു നീ...?
ചൂഷണത്തിനെതിരേ പണ്ടു പടവാളോങ്ങിയ കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രങ്ങൾ
ഇന്നു ചരിത്രപുസ്തകങ്ങളിൽ ഇടം നേടിയിരിക്കുന്നു
പകരം-, ഭരണമാറ്റത്തിൻെറ- ഏകാധിപത്യത്തിൻെറ അധിനിവേശത്തി-
നെതിരെ സ്വാതന്ത്ര മണ്ഡലത്തിനു മേലെ 'പാരതന്ത്ര്യം' എന്ന മറ്റൊരവസ്ഥ
നടന്നു കൊണ്ടിരിക്കുന്നു................
സാമ്രാജ്യത്വ ശക്തികൾ ലോകരാജ്യങ്ങളുടെമേൽ അധിനിവേശം
നടത്തി മുന്നേറുമ്പോൾ - അതിനുമേലും ഭീതിവീഴ്ത്തി
സാമ്പത്തിക അരാജകത്വത്തിൻെറ ഭീകരസത്വം ഫണം വിടർത്തിനിൽക്കുന്നു
ലോകത്തിലെ നല്ലൊരു ശതമാനത്തെ പട്ടിണിയിലേക്കു തള്ളിവിട്ടതാണവർ..
ലോകസമ്പത്തിൻെറ സിംഹഭാഗവും കൈയടക്കിവയ്ക്കുന്നവർ...
അരുതായ്മകൾ കാട്ടി - മാരകരോഗങ്ങൾ മനുഷ്യ കുലത്തിനു സമ്മാനിച്ചവർ
പ്രകൃതിയെപ്പോലും അവർ വെറുതേ വിട്ടില്ല-
ആവാസ വ്യവസ്ഥയെ തകിടം മറിച്ച് ഓസോൺപാളിയിൽ അവർ
'തുരങ്കം' തീർത്തു- ലോകം വെട്ടിപ്പിടിക്കുവാൻ വെമ്പൽ കൊള്ളുന്നവർ
ലോകജനതയുടെ മേൽ അധിനിവേശം നടത്തുന്നവർ-

മതഭ്രാന്തിൻെറ അധിനിവേശത്തിൽ മനം മടുത്തവർ
കൊടും പാതകങ്ങളെ ക്രൂരതയിൽ നിന്നും മനുഷ്യനു രക്ഷനേടുവാൻ
ലോകത്തെ നയിക്കുന്ന ശക്തി- 'ഈശ്വരൻ' കാലാകാലങ്ങളിൽ ലോകത്തി-

ലേക്കയച്ചവർ- സ്നേഹത്തിൻെറ സന്ദേശ വാഹകരായി അവർ ലോകത്തിൽ 'അവതരിച്ചു' - ഒരൊറ്റ 'മത'ത്തിൻെറ പല സന്ദേശങ്ങൾ മനുഷ്യനു കൈമാറിയവർ...

അവരെയും മനുഷ്യൻ വെറുതെ വിട്ടില്ല. സൃഷ്ടി സൃഷ്ടാവിനുമേൽ 'അധിനിവേശം' നടത്തി- അധികാരത്തിനും, അംശവടിക്കും വേണ്ടി ദൈവത്തെവിഭാഗിച്ചു...

മനുഷ്യൻെറ മനസിൽ 'മത'ത്തിൻെറ അധിനിവേശം...?

ഒടുവിൽ- മതം മനുഷ്യനെ മയക്കുന്നകറുപ്പാണന്നുവരെ അവർ വിളിച്ചു പറഞ്ഞു....

'മതം' എന്നവാക്കിനു പലഭാവങ്ങൾ പലപേരുകൾ നൽകി ..

ഹിന്ദുവെന്നും, ഇസ്ലാമെന്നും, ക്രിസ്ത്യാനീയെന്നും ...അങ്ങിനെ എത്രയെത്രയോ..?

അങ്ങനെ ധനവും, അധികാരവും, മതവും മനുഷ്യനെ മയക്കുന്ന കറുപ്പുകളായി മാറി മനസിൽ അഹങ്കരിക്കുന്ന ഇഛകൾക്കുവേണ്ടി, അതിൻെറ പൂർത്തീകരണത്തിനുവേണ്ടി മനുഷ്യൻ മനുഷ്യൻെറ മേൽ അധിനിവേശത്തിനൊരുങ്ങുയണിന്ന്... എങ്ങോട്ടാണി പ്രയാണം ..? എവിടെയാണിതിനന്തം..?

എങ്കിലും നീ അറിയുന്നില്ലേ.. നീയറിയാതെ നിൻെറ തലക്കു മേലും മറ്റെന്തിൻെറയോ, അധിനിവേശം ചോദ്യമുയർത്തുന്നു..?

# Puzzle




**Across**

3. When jesus asked who He was, Peter said, You are the………
6. Paul said, One who preaches another ……….will be accursed
8. Finish the quote: "to whom is the ………of the LORD revealed?"
9. Thaddaeus' other name.
10. Also known as The Lords Supper.
13. Who did David Say was "a rod out of the stem of Jesse?"
15. There will be a new heavens and a new…….
16. The mother of Asa the king made an ……….in a grove.
17. "To him that overcometh will I give to ………of the tree of life."
18. Joseph was here when he heard of the death of his mother.

**Down**

1. The mother of ishmael.
2. his son who tried to overthrow and kill him
4. Man was made in the ……..of God.
5. David said to God, "My………are in thy hand"
7. jacob's mother's brother.
10. I was shapen in iniquity, in sin did my mother ………me.
11. All scripture is …….by God.
12. Type of instrument David played.
13. the disciple who first recognized the risen jesus
14. All have sinned and come………of the glory of God

NB: Same Rules & Rugulation of Quiz Competition

# ക്വിസ്സ്

1. വേദപുസ്തകത്തിൽ പറയുന്ന ജനിക്കാതെ മരിച്ച വ്യക്തികൾ ആരെല്ലാം?
2. ദൈവം പേരുമാറ്റിച്ച രണ്ട് പുരുഷന്മാർ ആരെല്ലാം?
3. പുള്ളിപ്പുലിക്ക് സാദൃശ്യമായ മൃഗത്തെ ദർശനം കണ്ട വ്യക്തികൾ ആരെല്ലാം?
4. യേശു പേരെടുത്ത് പറഞ്ഞിരിക്കുന്ന പുഷ്പം ഏത്?
5. ക്രിസ്തുവിനെ കുഞ്ഞാടായി വിശേഷിപ്പിച്ചിരിക്കുന്ന പഴയ നിയമപുസ്തകം ഏത്?
6. വേദപുസ്തകത്തിൽ ചുട്ടു കൊല്ലപ്പെട്ടതായി പറയുന്ന സ്ത്രീ ?
7. യിസ്രായേൽ മക്കളുടെ യാത്രയിൽ മഹായാഗം നടത്തിയതു എവിടെ?
8. മരിക്കുന്ന സമയത്ത് മക്കൾക്ക് പേരിട്ട അമ്മമാർ ആരെല്ലാം?
9. നോഹയുടെ പെട്ടകത്തിൽ കയറാതെ ജലപ്രളയത്തിൽ ജീവൻ നിലനിർത്തിയ ജീവികൾ?
10. ഇന്ത്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ല?
11. കേരളത്തിലെ രാജ്യസഭ സീറ്റുകളുടെ എണ്ണം എത്ര?
12. കേരളത്തിലെ ഏക ബുദ്ധപ്രതിമ എവിടെ സ്ഥിതിചെയ്യുന്നു?
13. ലോകത്തിലെ ഏറ്റവും വലിയ ക്രിത്രിമ തടാകത്തിൻെറ പേര്?
14. മലങ്കര സഭയിൽ ഏറ്റവും കൂടുതൽ മേൽപട്ടക്കാരെ വാഴിച്ചത് ആരുടെ ഭരണകാലത്തായിരുന്നു?
15. ആദ്യമായി മൂറോൻ കൂദാശ ചെയ്ത മേൽപ്പട്ടക്കാരൻ ആരായിരുന്നു?

## നിബന്ധനകൾ

1. ഏറ്റവും കൂടുതൽ ശരിയുത്തരം അയക്കുന്നവരിൽ നിന്ന് സമ്മാനാർഹരെ കണ്ടെത്തുന്നതായിരിക്കും.
2. ഒന്നിൽ കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ തീരുമാനിക്കുന്നതാണ്.
3. യുവജനപ്രസ്ഥാനത്തിൻെറ ഔദ്യോഗിക ഭാരവാഹികൾക്കും, കുടുംബാംഗങ്ങൾക്കും ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. എഡിറ്റോറിയൽ ബോർഡിൻെറ തീരുമാനം അന്തിമമായിരിക്കും.
5. ഉത്തരങ്ങളോടൊപ്പം അയക്കുന്ന ആളിൻെറ പേരും, മേൽ വിലാസവും, ടെലിഫോൺ നമ്പരും ഉൾപ്പെടുത്തേണ്ടതാണ്.
6. നിങ്ങളുടെ ഉത്തരങ്ങൾ ആഗസ്റ്റ് മാസം 20–ാം തീയതിക്കു മുൻപായി ചീഫ് എഡിറ്റർ, യൂത്ത് വോയ്സ്, പി.ബി.നമ്പർ 834, മനാമ എന്ന വിലാസത്തിൽ അയക്കുകയോ, പള്ളി ഓഫീസിൽ എത്തിക്കുകയോ ചെയ്യുവാൻ താൽപര്യപ്പെടുന്നു.

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. യോന
2. യഹൂദയിൽ നിന്ന് ബതേയിലേക്ക് വന്ന ദൈവപുരുഷൻ
3. അരാരത്ത്
4. യാക്കോബും, ലാബാനും തമ്മിൽ
5. 1രാജാക്കന്മാർ, 2ദിനവൃത്താന്തം
6. 13
7. പത്ത് കൽപനകൾ, ബൽസസ്സർ രാജാവിൻെറ കാലത്ത് കാണപ്പെട്ട ചുവരെഴുത്ത്
8. പത്രോസിനോട്
9. ഹെസകിയേൽ
10. ലുദിയ
11. ഗിവർഗ്ഗീസ് മാർ പിലക്സിനോസ് (പുത്തൻ കാവിൽ കൊച്ചുതിരുമേനി)
12. ഡോ.സാമുവേൽ ചന്ദനപ്പള്ളി
13. ഹെലനി രാജ്ഞി
14. മുംബെയിലെ ഡബ വാലകളുടെ സംഘടന
15. ലക്ഷദ്വീപ്

കഴിഞ്ഞ ലക്കത്തിലെ വിജയി
**ഷിജു കെ ഉമ്മൻ**



മാത്യൂവർഗ്ഗീസ്

# താഴ്‌വാരങ്ങളിലൂടെ.....

ബഹറിൻ സെൻറ് തോമസ് ഓർത്തഡോക്സ് യൂത്ത്മൂവ്മെൻറ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളുടെയും സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുവാൻ ഉതകുന്നതരത്തിൽ ആരംഭിച്ച വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന മത്സര പരമ്പരയാണു യൂത്ത് ഫെസ്റ്റ്-2012. പ്രസ്ഥാനം അംഗങ്ങളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രുപ്പിനും ബൈബിളിൽ പ്രതിപാദിക്കുന്ന താഴ്‌വരകളിൽ നിന്നും ആഖോർ, ഏലാ, എസ്ക്കോൽ, കിദ്രോൻ, സിദ്ദിം എന്നീ 5 താഴ്‌വരകളുടെ പേരുകൾ നൽകി. ഈ താഴ്‌വരകളുടെ ചരിത്രത്തിലേക്ക് നമുക്ക് ഒന്ന് കണ്ണോടിക്കാം.

## ആഖോർ താഴ്‌വര

യിസ്രായേൽ മക്കൾ ശപഥാർപ്പിത വസ്തു സംബന്ധിച്ച് ഒരു അകൃത്യം ചെയ്തു.
യെഹൂദാ ഗോത്രത്തിൽ സേരഹിൻെറ മകനായ സബ്ദിയുടെ മകൻ ആഖാൻ ശപഥാർപ്പിത വസ്തുവിൽ നിന്ന് ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കേൽ വെള്ളിയും അൻപത് തൂകമുള്ള ഒരു ഒരു പൊൻ കട്ടിയും മോഷ്ടിച്ചു. യഹോവയുടെ കോപം യിസ്രായേൽ മക്കളുടെ നേരേ ജ്വലിച്ചു.യോശുവയും എല്ലാ യിസ്രായേലിയരും കൂടെ അന്വേഷണം നടത്തി ആഖാൻ ആണു മോഷ്ടിച്ചത് എന്ന് കണ്ടിട്ട് ആഖാനേയും അവൻെറ പുത്രന്മാർ, പുത്രിമാർ, വെള്ളി, മേലങ്കി, കാള, കഴുത, ആട്, കൂടാരം എന്നിവയുമായി ആഖോർ താഴ്‌വരയിൽ കൊണ്ടു പോയി കല്ലെറിഞ്ഞ് അവരെ തീയിൽ ഇട്ടു ചുട്ടുകളഞ്ഞു.
അവൻെറ മേൽ അവർ വലിയ ഒരു കൽക്കുന്നു കൂട്ടി.യ് യഹോവയിടെ കോപം ഇങ്ങനെ മാറി. അതുകൊണ്ട് ആ സ്ഥലത്തിനു ആഖോർ താഴ്‌വര എന്ന് ഇന്നുവരെ പേർ പറഞ്ഞു വരുന്നു.

## ഏലാ താഴ്‌വര

ഫെലിസ്ത്യർ സൈന്യങ്ങളെ യുദ്ധത്തിനു ഒന്നിച്ചുകൂട്ടി. അവർ യെഹൂദായ്ക്കുള്ള സോഖോവിൽ ഒന്നിച്ചു കൂടി സോഖോവിനും അസേക്കയ്ക്കും മധ്യേ ഏഫെസ്-ദമ്മീമിൽ പാളയമിറങ്ങി.
ശൗലും യിസ്രായേല്യരും ഒന്നിച്ചു കൂടി ഏലാ താഴ്‌വരയിൽ പാളയമിറങ്ങി.
അപ്പോൾ ഫെലിസ്ത്യ പാളയത്തിൽ നിന്നും ഗഥ്യനായ ഗൊല്യാത്ത് എന്ന മല്ലൻ പുറപ്പെട്ടു.
അവൻ യിസ്രായേൽ നിരകളെ ഒന്നടങ്കം വെല്ലുവിളിക്കുകയും അത്യന്തം പരിഹസിക്കുകയും ചെയ്തു.
ബാലനായ ദാവീദ് യെഹൂദയിലെ ബേത് ലഹേമിൽ യിശ്ശായി എന്ന് പേരുള്ള ഒരു എഫ്രാത്യൻെറ എട്ടു മക്കളിൽ ഇളയവൻ ആയിരുന്നു. യിശ്ശായിയുടെ നിർദ്ദേശ പ്രകാരം ശൗലിനോടു കൂടി ഏലാ താഴ്‌വരയിൽ യിദ്ധം ചെയ്യുന്ന തൻെറ മൂന്ന് സഹോദരന്മാരെ സന്ദർശ്ച്ച് ക്ഷേമം അന്വേഷിക്കുവാൻ ദാവീദ് പാളയത്തിലേക് വന്നു.
ഗോല്യാത്തിൻെറ വെല്ലുവിളി ഏറ്റെടുത്ത് ശൗൽ രാജാവിൻെറ അനുവാദം വാങ്ങി യഹോവയുടെ നാമത്തിൽ ആട്ടിടയനായ ദാവീദ് തൻെറ പ്രധാന ആയുധമായ ഒരു കല്ലെടുത്തു കവിണയിൽ വെച്ച് ഫെലിസ്ത്യൻെറ നെറ്റിക്ക് എറിഞ്ഞ് അവനെ കൊന്ന് തല വെട്ടിയെടുത്ത് യെരുശലേമിലേക്ക് കൊണ്ടു വന്നു

## എസ്ക്കോൽ താഴ്വര

യഹോവ മോശയോട് അരുളിചെയ്തു യിസ്രായേൽ മക്കൾക്ക് ഞാൻ കാണിപ്പാനിരിക്കുന്ന കനാൻ ദേശം ഉറ്റുനോക്കേണ്ടുന്നതിനു ആളുകളെ അയയ്ക്ക. അവരെല്ലാം പ്രഭുക്കന്മാർ ആയിരിക്കേണം. അങ്ങനെ മോശ യഹോവയുടെ കൽപനപ്രകാരം വരാൻ മരുഭൂമിയിൽ നിന്നും അവരെ അയച്ചു. അവരെല്ലാം യിസ്രായേൽ മക്കളിൽ തലവന്മാർ ആയിരുന്നു.
അവരോട് നിങ്ങൾ ചെന്ന് മലയിൽ കയറി ദേശം ഏതു വിധമുള്ളത്, അതിൽ കുടിയിരിക്കുന്ന മനുഷ്യൻ ബലവാന്മാരോ ബലഹീനരോ അവർ വസിക്കുന്ന പട്ടണങ്ങൾക്ക് കോട്ടകളോ പാളയങ്ങളൊ ഉണ്ടോ, ദേശം പുഷ്ടിയുള്ളതോ ഇല്ലാത്തതോ, അതിൽ വൃക്ഷങ്ങൾ ഉണ്ടോ ഇല്ലയോ എന്ന് നോക്കിയറിവീൻ
നിങ്ങൾ ധൈര്യപ്പെട്ട് ദേശത്തിലെ ഫലങ്ങളും കൊണ്ടു വരുവിൻ എന്നു പറഞ്ഞു. അതു മുന്തിരിങ്ങ പഴുത്തു തുടങ്ങുന്ന കാലമായിരുന്നു .
സീൻ മരുഭൂമി മുതൽ ഹമാത്തിനു പോകുന്ന വാഴിയായി രഹോബ് വരെ ദേശത്തെ ശോദന ചെയ്തു.അവർ എസ്ക്കോൾ താഴ്വരയോളം ചെന്ന് അവിടെ നിന്ന് ഒരു മുന്തിരിവള്ളി കുലയോടെ പറിചെടുത്ത് ഒരു തണ്ടിന്മേൽ കെട്ടി രണ്ടുപേർക്കുടി ചുമന്നു.
അവിടെ നിന്നും മുറിച്ചെടുത്ത മുന്തിരിക്കുല നിമിത്തം ആ സ്ഥലത്തിനു എസ്ക്കോൾ താഴ്വര എന്നു പേരായി. അവർ നാൽപ്പതു ദിവസം കൊണ്ട് ഉറ്റു നോക്കിക്കഴിഞ്ഞു മടങ്ങി വന്നു.

## സിദ്ദിം താഴ്വര

സോദോം രാജാവും ഗോമോറാ രാജാവും സോഖോയിം രാജാവും സോവാർ എന്ന സേലായിലെ രാജാവും പുറപ്പെട്ടു സിദ്ദിം താഴ്വരയിൽ വച്ച് ഏലാം രാജാവായ കേദാർ യോമെർ, ജാതികളുടെ രാജാവായ തീദാൽ, ശിനാർ രാജാവായ അമ്രാഫെൽ, ഏലാസർ രാജാവായ ആര്യേക് എന്നിവരുടെ നേരെ പടനിരത്തി. നാലു രാജാക്കന്മാർ അഞ്ചു രാജാക്കന്മാരുടെ നേരെ തന്നെ . സിദ്ദിം താഴ്വരയിൽ കീൽക്കുഴികൾ ധാരാളം ഉണ്ടായിരുന്നു . സോദോം രാജാവും ഗോമോറോ രാജാവും ഓടിപ്പോയി കുഴികളിൽ വീണു.ശേഷിച്ചവർ പർവ്വതങ്ങളിലേക്ക് ഓടിപ്പോയി സോദോമിലും ഗോമോറയിലും ഉള്ള സകല സമ്പത്തും അബ്രഹാമിൻെറ സഹോദരനായ ലോത്തിനെയും അവൻെറ ആടുമാടുകളെയും അവർ കൊണ്ടുപോയി തൻെറ സഹോദരനെ ബദ്ധനാക്കി കൊണ്ടുപോയി എന്ന് അബ്രഹാം അറിഞ്ഞിട്ട് തൻെറ വീട്ടിൽ ജനിച്ചു വളർന്ന അഭ്യാസികളായ 318പേരെ കൂട്ടി ദാൻ വരെ പിന്തുടർന്നു അവരെ തോൽപ്പിച്ച് ലോത്തിനെയും അവൻെറ ആടുമാടുകളെയും മടക്കിക്കൊണ്ടുവന്നു.

കിദ്രോൻ താഴ്വര

ദാവീദ് രാജാവും കൂട്ടരും അബ്ശാലോമിനെ ഭയന്ന് കിദ്രോൻ താഴ്വര കടന്ന് മരുഭൂമിയിലേക്ക് ഓടിപ്പോയി.യിസ്രായേൽ രാജാവായ ആസാ യെഹുദയിൽ രാജാവായി നാൽപ്പത്തി ഒന്നു സംവത്സരം വാണു. ആസാ തൻെറ പിതാവായ ദാവീദിനെപ്പോലെ യാഹോവക്ക് പ്രസാദമുള്ളത് ചെയ്തു. അവൻെറ അമ്മക്കു മയഖ എന്ന് പേർ തൻെറ അമ്മ അശേരയ്ക്ക് ഒരു മ്ലേച്ഛവിഗ്രഹം ഉണ്ടാക്കിയതിനാൽ ആസാ അവരെ രാജ്ഞി സ്ഥാനത്തുനിന്നും നീക്കികളയുകയും വിഗ്രഹം വെട്ടിമുറിച്ച് കിദ്രോൻ കിദ്രോൻ താഴ്വരയിൽ വെച്ച് ചുട്ടുകളഞ്ഞു. മറിയയുടേയും അവളുടെ സഹോദരി മാർത്തയുടെയും ഗ്രാമമായ ബഥാന്യയിൽ അവരുടെ സഹോദരൻ ദീനമായി കിടക്കുന്നതറിഞ്ഞിട്ട് യേശു കിദ്രോൻ താഴ്വരയിൽക്കുടി ബെഥാന്യയിലേക്ക് യാത്രയായി.
അന്ത്യ അത്താഴത്തിനു ശേഷം ശിഷ്യന്മാർക്ക് ഉപദേശങ്ങൾ നൽകിയ ശേഷം യേശു ശിഷ്യന്മാരുമായി കിദ്രോൻ തോടു കടന്ന് അക്കരക്കു പോയി. അവിടെ വെച്ച് യൂദാ തൻെറ ഗുരുവിനെ ഒറ്റിക്കൊടുത്തു.



ജോജി ജോർജ്ജ്

# വർണ്ണചിത്രങ്ങൾ

ബാല്യത്തിൽ കേളികളാണിപ്പോഴുമെന്നിൽ
ആനന്ദമുണർത്തും സ്മൃതികൾ
ഓർമ്മയിൽ നിന്നും തെളിഞ്ഞുനിൽപ്പു
ഒരായിരം വർണ്ണചിത്രങ്ങൾ

അച്ഛൻെറ കൈ പിടിച്ചന്നാദ്യമായ്
പള്ളിക്കുടത്തിൽ പടികടന്നതും
അക്ഷരങ്ങൾ കൂട്ടിവായിച്ചതും
ഇന്നുമെൻ മനസ്സിൽ തിളങ്ങിനിൽപ്പു

ബാല്യത്തിൽ തപ്പും തകിലുമേന്തി
മേളത്തിമിർപ്പിൽ മുഴുകിയതും
ഒ.വി.ബി.എസ് സുഹൃദ്ബന്ധങ്ങളും
മനസ്സിൽ മറയാതെ നിൽക്കുന്നു

കാറ്റിൽ വീഴുന്ന മാമ്പഴം പെറുക്കാൻ
മത്സരിച്ചോടിയോടിത്തളർന്നതും
ഇന്നും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.
വീണ്ടും കൊതിക്കുന്നു ഞാനെൻെറ
ബാല്യം മടക്കിക്കിട്ടിടുവാൻ



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ചാരിറ്റി പ്രോജക്ടിലൂടെ പ്രസ്ഥാനം വിവാഹ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്തിയ സോഫിയക്ക് വിവാഹ മംഗളാശംസകൾ.....




## സമർപ്പണ പ്രാർത്ഥന

നിന്നെ രക്ഷിപ്പാൻ കഴിയാത്തവണ്ണം എൻെറ കൈ കുറുകിയിട്ടില്ല. നിൻെറ പാപങ്ങൾ രക്താംബരം പോലെ ചുവന്നാലും ഞാനത് ഹിമം പോലെ വെണ്മയാക്കി മാറ്റും. നിൻെറ രോഗങ്ങളും ഭാരങ്ങളും ഞാൻ വഹിക്കാം. നിൻെറ കണ്ണുനീർ ഞാൻ തുടയ്ക്കാം.... സ്നേഹനിധിയായ ദൈവം നിന്നെ മാടിവിളിക്കുന്നു. കടന്നുവരു.... പ്രാർത്ഥിക്കൂ.... അനുഗ്രഹം പ്രാപിക്കൂ....

**ഏവർക്കും കർത്തൃനാമത്തിൽ സ്വാഗതം....**

എല്ലാ മാസവും അവസാനത്തെ ചൊവ്വാഴ്ച്ചകളിൽ രാത്രി 7 മണി മുതൽ .....

## *Favours Received:-*



Biju Thankachan
Jincy Biju



Manoj Mathew
Merlin Manoj
Mabon & Mirielle



Stevin Mon



Stevin Mon



Well wisher



Thomas Vaidyan P.K
Elizabeth Philip
Aaron & Ruben

*Favours Received:-*



P.A. Kurian
Saramma Kurian
Sannwin & Rosewin



George K. Varghese
Julie Varghese
Joshuan,Joanna
Jeron



Well wisher



Diju John
Bindu Diju
Neha & Nissy



Jaison Attuva
Sajitha Jaison
Abel & Aiden



Well wisher



Binoj Mathew
Annitt Binoj
Aeron & Baeron



Pradeesh Joseph
Lijo Pardeesh
& Juan



Justin C. Mathew
Gincy

**New Members:**

Shiju C George, Jibin George, Sibi Mathew, Shiju Mathew,
Sinu Mathew, Gijo George, Jubash Jacob

# Favours Received



Maurin



Merick



Mouris



Riny Moncy



Moncy Varghese

emjay

advertising co.W.L.L
printing
construction

emjay.................emjay......................emjay

## ...OUR SPECIALITIES...

Graphic Designing
Engraving & Embroidery
Sign & Banners
Screen Printing
T-shirt Printing
Vinyl Cutting
Vahicle Graphics
Promotions

**Importer & Distributor - Offset, Screen Printing Inks & Chemicals**
Made in UK, Japan, Spain, Germany

Tel : +973 17 27 33 83 , Fax : 17 270 352 , P.O Box : 2856 , Manama, Kingdom of Bahrain
E-mail : emjay@batelco.com.bh